(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമായാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഗ്രാമീണാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നബാർഡ് ആർ. ഐ. ഡി. എഫ്.-9 സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം തേടുന്നതിനായി 2002-03 വർഷത്തിൽ 49 കോടി രൂപയുടെ 435 പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചു പ്രാഥമിക പരിശോധനയിൽ 383 പ്രൊപ്പോസലുകളിൻമേൽ അധിക വിവരങ്ങൾ നബാർഡ് ആവശ്യപ്പെട്ടതനുസരിച്ച് തയ്യാറാക്കിവരുന്നു. 2003-04 വർഷത്തിൽ നബാർഡ് സഹായത്തിനായി സമർപ്പിക്കുന്നതിന് 69.84 കോടി രൂപയുടെ 294 പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ച് അന്തിമഘട്ടത്തിൽ എത്തിയിരിക്കുകയാണ്.

കൂടാതെ ആർ. സി. എച്ച്. പദ്ധതി പ്രകാരം 13 ജില്ലകളിൽ 10 ലക്ഷം രൂപ വീതം (പാലക്കാട് ഒഴികെ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണത്തിനായി നൽകിയിട്ടുണ്ട്. ഇതിനും പുറമേ ഭരണ നവീകരണ പദ്ധതിക്കുള്ള ഫണ്ട് ഉപയോഗിച്ച് പത്തു ശതമാനം പ്രൈമറി ഹെൽത്ത് സെന്ററുകളിലെ (94 എണ്ണം) സേവനനിലവാരം മെച്ചപ്പെടുത്താനും കൂടുതൽ കാര്യക്ഷമമാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

(സി) ട്രാൻസ്ഫർ മുഖേനയും പുനർവിന്യാസംവഴിയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ നിർമ്മാണത്തിന് പദ്ധതികൾ

*28 [328] ശ്രീ. എ. എൻ. രാജൻ ബാബു :

,, ജോണി നെല്ലൂർ :

,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ നിർമ്മാണത്തിനായി അനെർട്ട് നടപ്പിലാക്കി വരുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഇപ്പോൾ നടന്നു വരുന്ന പദ്ധതികൾ വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പവനോർജ്ജ പരിപാടികൾ, സൗരോർജ്ജ വൈദ്യുത പദ്ധതികൾ, ജൈവോർജ്ജ പദ്ധതി, ചെറുകിട ജല വൈദ്യുത പദ്ധതികൾ എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്ത് അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി & സി) അനെർട്ട് നടപ്പിലാക്കി വരുന്ന മിക്ക പരിപാടികളും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിപുലപ്പെടുത്തുവാൻതക്ക രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ദേശീയ ജൈവോർജ്ജ നിർണ്ണയ സർവ്വെ, ജൈവ വാതക പരിപാടി, 'ആദിത്യ' പ്രദർശന ശാലകൾ, മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചരണം/ നിർമ്മാണം, ഗ്രാമീണ ഊർജ്ജാസൂത്രണ പരിപാടികൾ എന്നിവ ഇതിനുദാഹരണങ്ങളാണ്.

പി. സി. ബി. ഡി. പദ്ധതി

*29 [329] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രോജക്ട് ഓൺ കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡിസെൻട്രലൈസേഷൻ ഇൻ കേരള എന്ന ഒരു പദ്ധതി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു സംയുക്ത സമിതിയിലൂടെ നടപ്പാക്കിയിരുന്നുവോ;

(ബി) എങ്കിൽ ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് എന്നറിയിക്കുമോ;

(സി) അതിനുള്ള പണം എവിടെനിന്നാണ് ലഭിച്ചത് എന്നും ഈ പണം ആരിലൂടെയാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മുഖേന കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (കൃാപ്ഡെക്ക്) എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. അതിന്റെ മേൽനോട്ടം വഹിക്കുവാൻ രൂപീകരിച്ചിരുന്ന ജോയിന്റ് പ്രോജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ആയിരുന്നു.

(ബി) അക്കാദമിക്ക് പ്രവർത്തനങ്ങൾ, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നീ രണ്ട് പ്രധാന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അവയുടെ വിശദ വിവരം ചുവടെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly